# ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ഗവേഷണ സ്ഥാപനം

"ശാസ്ത്രം സാമൂഹ്യവിപ്ലവത്തിന്" ഫെബ്രുവരി 2020


## മൂന്ന് ജില്ലകളിലെ ക്വാറി മാപ്പിംഗ് ചുമതല ഐ.ആർ.ടി.സി.ക്ക്



വിദൂര സംവേദന സാങ്കേതിക വിദ്യയും ജി. ഐ. എസ്. സാങ്കേതിക വിദ്യയും ഉപയോഗിച്ച് കേരളത്തിലെ മൂന്ന് ജില്ലകളിലെ ക്വാറികളെ കുറിച്ചുള്ള സമഗ്ര പഠനം ഐ.ആർ.ടി.സി. നടത്തും. തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ ക്വാറികളെ സംബന്ധിച്ച പഠനമാണ് പരിസ്ഥിതി കാലാവസ്ഥാ വ്യതിയായന വകുപ്പിന് വേണ്ടി ഐ.ആർ.ടി.സി. ഏറ്റെടുത്തിരിക്കുന്നത്. ക്വാറികളുടെ എണ്ണം, വിസ്തീർണം, മറ്റ് ഘടകങ്ങൾ എന്നിവയെല്ലാം കണ്ടെത്തി ഭൂപടങ്ങൾ നിർമിക്കാൻ ആണ് പഠനം ലക്ഷ്യമിടുന്നത്. കൂടാതെ, ഉപേക്ഷിക്കപ്പെട്ടതും പ്രവർത്തനരഹിതവുമായ ക്വാറികൾ കണ്ടെത്തി അതിന്റെ പാരിസ്ഥിതിക ആഘാതങ്ങൾ പഠിക്കാനും നിർദേശങ്ങൾ മുന്നോട്ട് വെക്കാനും പഠനത്തിലൂടെ ലക്ഷ്യമിടുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളായി കേരളം നേരിടുന്ന ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉൾപ്പടെ ഉള്ള പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ശ്രദ്ധേയമായ ഇടപെടൽ കൂടെ ആവുകയാണ് ക്വാറി മാപ്പിംഗ്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയായന വകുപ്പ് തന്നെയാണ് പദ്ധതിക്ക് ധനസഹായം നൽകുന്നത്.

## കേരള സയൻസ് കോൺഗ്രസ്സ്; മികച്ച പ്രദർശനശാലയ്ക്കുള്ള പുരസ്കാരം ഐ.ആർ.ടി.സി.ക്ക്




മികച്ച സ്റ്റാളിനുള്ള പുരസ്കാരം ഐ.ആർ.ടി.സി. പ്രതിനിധികളായ സ്വാതി എസ്., സൂര്യ സേതുമാധവൻ എന്നിവർ ഏറ്റുവാങ്ങുന്നു

**മുണ്ടൂർ:** 32-ാമത് കേരള സയൻസ് കോൺഗ്രസ്സിനോടനുബന്ധിച്ച് ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിഭാഗത്തിലുള്ള മികച്ച സ്റ്റാളിനുള്ള പുരസ്കാരം മുണ്ടൂർ ഐ.ആർ.ടി.സി. കരസ്ഥമാക്കി.

മാലിന്യസംസ്കരണം, നീർത്തടാധിഷ്ഠിത വികസനം, ജീവനോപാധി പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രദർശനശാലയാണ് ഐ.ആർ.ടി.സി. ഒരുക്കിയിരുന്നത്.

വിവിധ മാലിന്യസംസ്കരണ ഉപാധികൾ, നീർത്തട മാതൃക, അക്വാപോണിക്സ് മാതൃക, പോട്ടറി വീൽ, കളിമൺ ഉൽപന്നങ്ങൾ, ലൂക്ക സ്പോട്ട് സയൻസ് ക്വിസ്സ്, പാനലുകൾ, വീഡിയോ, പുസ്തകങ്ങൾ എന്നിവയുടെ പ്രദർശനങ്ങളാണ് സ്റ്റാളിൽ ഒരുക്കിയിരുന്നത്.

യുവക്ഷേത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മാനേജ്മെന്റ് സ്റ്റഡീസിൽ ജനുവരി 24 ന് ആരംഭിച്ച കേരള സയൻസ് കോൺഗ്രസ്സ് ജനുവരി 27 ന് അവസാനിച്ചു.

## ഇനി മണ്ണറിഞ്ഞ് കൃഷി ചെയ്യാം

**മുണ്ടൂർ:** മണ്ണിന്റെ ഘടന, തരം, pH, വൈദ്യുത ചാലകത എന്നിവ ഉൾപ്പെടെ പരിശോധിക്കാനും കണ്ടെത്താനും ഐ.ആർ.ടി.സി.യിൽ ഇനി സൌകര്യമുണ്ട്. പുതിയതായി ആരംഭിക്കുന്ന മണ്ണ് പരിശോധനാ ലാബ് ഫെബ്രുവരി അവസാനത്തോടെ പ്രവർത്തനസജ്ജമാകും.

മണ്ണിലെ ജൈവകാർബൺ, ഫോസ്ഫറസ്, പൊട്ടാഷ്യം, ദ്വിതീയമൂലകങ്ങളായ മാഗ്നീഷ്യം, കാൽസ്യം, സൾഫർ, മറ്റ് സൂക്ഷ്മമൂലകങ്ങൾ തുടങ്ങിയവ കണ്ടെത്താനും ലാബിൽ സൗകര്യമുണ്ട്. ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വളപ്രയോഗത്തെ കുറിച്ചുള്ള കൃത്യമായ നിർദേശങ്ങൾ കർഷകർക്ക് നൽകുന്നതാണ്.

കാർഷിക ജില്ലയായ പാലക്കാടിന് ഏറെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് മണ്ണ് പരിശോധനാ ലാബ്. പതിറ്റാണ്ടുകളായി ശാസ്ത്രസാങ്കേതികവിദ്യയെ സമൂഹത്തിന്റെ താഴെത്തട്ടിലെത്തിക്കാൻ ഐ.ആർ.ടി.സി. നടത്തിവരുന്ന പ്രവർത്തനങ്ങളിൽ സുപ്രധാനമായൊരു ചുവടുവയ്പ്പാവുകയാണ് ഇത്.

> "അമിതമായ രാസവളപ്രയോഗത്തിലൂടെ മണ്ണും ജലസ്രോതസ്സുകളും മലിനമാകുക മാത്രമല്ല, കർഷകർക്ക് അമിതമായ ചെലവുണ്ടാക്കുന്നതാണ്. എന്നാൽ ശാസ്ത്രീയമായ മണ്ണ് പരിശോധനയിലൂടെ ഇതെല്ലാം പരിഹരിക്കപ്പെടും. ഇത് കർഷകർക്ക് ഏറെ സഹായകരമാകും."
>
> **– ശിവദാസൻ എ.എൻ.**
> ഹെഡ് ഓഫ് ലബോറട്ടറി,
> ഐ.ആർ.ടി.സി.

# എഡിറ്റോറിയൽ

**കാർബൺ പാദമുദ്ര**യെ കുറിച്ചുള്ള സങ്കൽപനങ്ങൾ ഗൗരവതരത്തിലുള്ള ചർച്ചായാതും രാഷ്ട്രങ്ങളുടെ വികസന നയങ്ങളിൽ ഉൾപ്പെടാൻ തുടങ്ങിയതും അടുത്തകാലത്താണ്.

വ്യക്തിയോ, വസ്തുവോ, സംഘമോ, സംഭവമോ കാരണമായി പ്രത്യക്ഷത്തിലോ പരോക്ഷമായോ പുറപ്പെടുവിക്കുന്ന മൊത്തം ഹരിതഗൃഹവാതകത്തിന്റെ (green house gas) അളവിനെയാണ് കാർബൺ ഫൂട്ട് പ്രിന്റ് എന്ന് വിളിക്കുന്നത്. ഇക്കോളജിക്കൽ ഫൂട്ട് പ്രിന്റിന്റെ ഒരു ഉപവിഭാഗമാണ് കാർബൺ ഫൂട്ട് പ്രിന്റ്. ഇതേ ഉപഭോഗം തന്നെ തുടർന്നുകൊണ്ട് ജീവിച്ചാൽ ഇതേപോലുള്ള എത്ര ഭൂമി കൂടി വേണം ജീവിക്കാൻ എന്നതിനെ ആസ്പദമാക്കിയത്രേ പരിസ്ഥിതി പാദമുദ്രയുടെ കണക്കുകൾ രൂപപ്പെടുന്നത്.

രാജ്യങ്ങളുടെയും പ്രദേശങ്ങളുടെയും വ്യക്തികളുടെയുമെല്ലാം കാർബൺ ഫൂട്ട് പ്രിന്റ് അളക്കാനാകും. അമേരിക്കയുടേത് മാത്രമെടുത്താൽ പല രാജ്യങ്ങളുടെ കാർബൺ പുറന്തള്ളലിനേക്കാൾ വളരെ കൂടുതലാണ് അവരുടേത്. വ്യക്തികളുടെ കാര്യത്തിലും അങ്ങനെ തന്നെ.

സെലിബ്രിറ്റികൾ സൗന്ദര്യം കൊണ്ടും പ്രശസ്തി കൊണ്ടും മാത്രമല്ല കാർബൺ പാദമുദ്ര കൊണ്ടും വളരെ ഉയർന്ന വരാണ്. ഒരുവർഷത്തെ കാർബൺ പാദമുദ്ര കണക്കുകളിൽ ഒരു പ്രാവശ്യത്തെ ജെറ്റ് യാത്ര കൂടി കൂട്ടിയാൽ കാർബൺ പാദമുദ്ര പതിന്മടങ്ങാകും. മഡോണയെ കുറിച്ചുള്ള ഒരു കൗതുക വാർത്ത നോക്കുക. 2006 കണക്കാക്കിയ അവരുടെ കാർബൺ പാദമുദ്ര 1018 ടൺ ആണ്. ഇത് ശരാശരി ബ്രിട്ടീഷ് പൗരന്റെ പാദമുദ്രയേക്കാൾ 100 മടങ്ങ് അധികമാണ്. പ്രതിസന്ധിയാർജ്ജിക്കും തോറും, പറക്കും തോറും, ആഡംബരം കൂടുംതോറും ഈ പ്രകൃതിയെ വരുംതലമുറയ്ക്ക് ജീവിക്കാൻ തീരെ കൊള്ളാത്ത സ്ഥലമാക്കി മാറ്റുന്നതിൽ ഇവരെല്ലാം ഒന്നാം സ്ഥാനക്കാരായി മാറും.

കാർബൺ പാദമുദ്ര കുറയ്ക്കുന്നതിനുള്ള പരിശ്രമങ്ങൾ ഇന്ന് ലോകമെമ്പാടും നടക്കുന്നുണ്ട്. വളരെ കാര്യഗൗരവത്തോടെയുള്ള ആലോചനകളും നയപരിപാടികളും രൂപപ്പെടുകയും ചെയ്യുന്നുണ്ട്. ഐക്യരാഷ്ട്രസഭയിൽ മാത്രമല്ല ഇങ്ങു മീനങ്ങാടി പോലെയുള്ള പഞ്ചായത്തുകളിൽ വരെ 'കാർബൺ ന്യൂട്രൽ' പരിശ്രമങ്ങൾ നടക്കുന്നുണ്ട്.

ഹരിതഗൃഹവാതകങ്ങൾ കുറയ്ക്കാൻ പല വഴികളുണ്ട്. ആ വഴികളിലേക്ക് എത്താൻ ആദ്യം വേണ്ടത് സ്വന്തം സ്ഥാനം എവിടെയെന്ന് അടയാളപ്പെടുത്തുകയാണ്. ഇതിനായി ഉപയോഗിക്കുന്ന മാർഗം വിവിധ തരത്തിലുള്ള ശാസ്ത്രീയ ഓഡിറ്റുകളാണ്. എനർജി ഓഡിറ്റ്, എൻവയോൺമെന്റൽ ഓഡിറ്റ്, ഗ്രീൻ ഓഡിറ്റ് എന്നിങ്ങനെയുള്ള വിദഗ്ധ പരിശോധനകളിലൂടെ അളന്നും രേഖപ്പെടുത്തിയുമാണ് ബദൽ നിർദ്ദേശങ്ങൾക്കാവശ്യമായ വിവരാടിത്തറ ഒരുക്കുന്നത്.

കളമശ്ശേരി രാജഗിരി കോളേജിന്റെയും എറണാകുളം മഹാരാജാസ് കോളേജിന്റെയും ക്യാമ്പസുകളിൽ ഗ്രീൻ ഓഡിറ്റ്, എനർജി ഓഡിറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കിക്കൊണ്ട് ഐ.ആർ.ടി.സി. ഈ മേഖലകളിലേക്ക് പുതിയ കാൽവെപ്പ് നടത്തുകയാണ്. 'ഓട്ടോ ടാക്ഷൻ' എന്ന അക്രഡിറ്റഡ് ഓഡിറ്റ് സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് ഓഡിറ്റ് നടത്തുന്നത്. മഹാരാജാസ് കോളേജിൽ നടന്ന പഠനത്തിന് ഇതിനകം തന്നെ വലിയ വാർത്താ പ്രാധാന്യവും ബഹുജന ശ്രദ്ധയും ലഭിച്ചു എന്നത് ഈ പ്രവർത്തനത്തിന്റെ സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു.

# Climate Warriors

## കാലാവസ്ഥാവ്യതിയാനം: ദക്ഷിണേന്ത്യൻ ശില്പശാല സംഘടിപ്പിച്ചു

കാലാവസ്ഥാ വ്യതിയാനത്തെ ശാസ്ത്രീയമായി മനസ്സിലാക്കി പ്രതിരോധിക്കാനും ജനങ്ങൾക്കിടയിലുള്ള പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുവാനും ദക്ഷിണേന്ത്യാ തലത്തിൽ ശില്പശാല സംഘടിപ്പിച്ചു. ജനവരി 31 ന് ആരംഭിച്ച ശില്പശാല ഫെബ്രുവരി 2 നാണ് സമാപിച്ചത്. കേരള സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും ഐ.ആർ.ടി.സി.യും സംയുക്തമായാണ് ശില്പശാല നടത്തിയത്.

ഏറണാകുളം മഹാരാജാസ് ഗവൺമെന്റ് ഓട്ടോണമസ് കോളേജ് ഗവേണിംഗ് കൌൺസിൽ ചെയർമാനായ പ്രൊഫ: പി.കെ. രവീന്ദ്രൻ ശില്പശാല ഉദ്ഘാടനം ചെയ്തു. കേരളത്തിനകത്തും പുറത്തുനിന്നും ഉള്ള ഗവേഷകരും വിദ്യാർത്ഥികളും പങ്കെടുത്ത ശില്പശാലയിൽ വിദഗ്ധരുടെ നേതൃത്വത്തിലുള്ള ക്ലാസുകളും സംവാദങ്ങളും നടന്നു.

പരിസ്ഥിതിശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ വിഷയമേഖലകളിൽ നിന്നെത്തിയ ഗവേഷകരും വിദ്യാർത്ഥികളും ശില്പശാലയിലെ അവതരണങ്ങളുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് ചർച്ചകൾക്കും സംവാദങ്ങൾക്കും നേതൃത്വം നൽകി. പുതുതായി രൂപീകരിച്ച പഠനസംഘത്തിന്റെ ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത ശേഷമാണ് ശില്പശാല അവസാനിച്ചത്.

പരിസ്ഥിതിസംരക്ഷണവുമായി ബന്ധപ്പെട്ട ഐ.ആർ.ടി.സി.യുടെ ഇടപെടലുകളിൽ വൈദഗ്ധ്യമുള്ള പുതുതലമുറയെ ഒരു കുടക്കീഴിൽ കൊണ്ടുവരാനുള്ള ശ്രമം കൂടിയായിരുന്നു ശില്പശാല.

## പഠനോദ്യാനം: ആദിവാസി വിദ്യാഭ്യാസത്തിന് പുതിയ അന്വേഷണം

മുഖ്യധാരാ വിദ്യാലയങ്ങളിൽ നിലനിൽക്കുന്ന പഠനപ്രക്രിയയെ ആദിവാസി മേഖലകളിൽ അവരുടെ ജീവിത സാഹചര്യങ്ങൾക്ക് അനുസരിച്ച് മാറ്റിയെടുക്കാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല. സ്കൂളിൽ എത്തുന്ന ഒരു ആദിവാസി കുട്ടി തന്റെ ചുറ്റുപാടിൽ നിന്നും തികച്ചും ആസുരമായ പഠനാനുഭവത്തെയാണ് നേരിടുന്നത്. പഠനപ്രക്രിയ, പഠനഭാഷ, പഠനത്തിനിടയിലെ വിവരണങ്ങൾ എല്ലാം അവരെ പഠനപ്രക്രിയയിൽ നിന്നും അന്യവൽക്കരിക്കുന്നു. ഇതിനെ സാമൂഹ്യ ഇടപെടലിലൂടെ മാറ്റിത്തീർക്കാൻ നടത്തിയ ഇടപെടലാണ് പഠനോദ്യാനം.

യൂണിസെഫിന്റെ സഹായത്തോടെ ഇടുക്കി ജില്ലയിലെ മൂന്ന് ആദിവാസി ഊരുകളിലും ഒരു പൊതുപ്രദേശത്തും ആണ് പഠനോദ്യാനങ്ങൾ സംഘടിപ്പിച്ചത്. കുട്ടിക്ക് തന്റെ ജീവിതാന്തരീക്ഷത്തിൽ തന്നെ പഠനാനുഭവം ഒരുക്കുക എന്നതാണ് പഠനോദ്യാനത്തിൽ സ്വീകരിച്ച അടിസ്ഥാന സമീപനം. ഇതിനായി പ്രാദേശിക സമൂഹം, ഊരുകൂട്ടങ്ങൾ എന്നിവയുടെ സഹായത്തോടെ പ്രാദേശിക പഠനകേന്ദ്രങ്ങൾ ഉണ്ടാക്കി. ഇവയുടെ സംഘാടനത്തിലും നടത്തിപ്പിലും പ്രാദേശിക സമൂഹം വലിയതോതിൽ പങ്കാളികളായി.

പ്രാദേശിക പഠനകേന്ദ്രങ്ങളിൽ പഠന പ്രക്രിയയെ സഹായിക്കാൻ ആദിവാസി യുവതീയുവാക്കളെ തന്നെയായിരുന്നു തിരഞ്ഞെടുത്തത്. ഇത് പഠനപ്രക്രിയകളെ ആദിവാസി സൗഹൃദപരമാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. തുടർച്ചയായ പരിശീലനങ്ങളിലൂടെ മികച്ച ഫെസിലിറ്റേറ്റർമാരായി ഇവർ മാറി.

ശാസ്ത്ര സങ്കൽപ്പങ്ങളും വസ്തുതകളും ആദിവാസി കുട്ടികളുടെ ജീവിതാനുഭവങ്ങളുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങളാക്കി മാറ്റുകയായിരുന്നു. മൂന്നു തവണ നടന്ന ശിൽപ്പശാലകളിലൂടെ ശാസ്ത്രം, ഗണിതം എന്നീ മേഖലകളിലെ നിരവധി പ്രവർത്തന മൊഡ്യൂളുകൾ രൂപപ്പെടുത്തി. ഇത് ആദിവാസി വിദ്യാഭ്യാസ പ്രക്രിയയെ മെച്ചപ്പെടുത്തുന്ന നിരവധി അനുഭവങ്ങൾ വികസിപ്പിക്കാൻ സഹായിച്ചു.

കുട്ടികളുമായുള്ള അനൗപചാരിക ഇടപെടലുകൾ വഴി അവരുടെ കുടുംബങ്ങളുമായി ബന്ധം സൃഷ്ടിക്കാനും പൊതുവികാസത്തെ സ്വാധീനിക്കാനുമുള്ള വഴിയായി പഠനോദ്യാനം മാറി.

ചുരുക്കത്തിൽ ആദിവാസി വിദ്യാഭ്യാസത്തിന് പുതിയ അനുഭവവും സാധ്യതകളും തുറന്നിടുകയാണ് പഠനോദ്യാനം ചെയ്യുന്നത്. ആദിവാസി കുട്ടികളുടെ ഗണിതശാസ്ത്ര ശേഷികൾ മെച്ചപ്പെടുത്തുക എന്ന കേവല ലക്ഷ്യത്തിൽ നിന്ന് അവരുടെ പഠന പ്രക്രിയയെ സമഗ്രമായി പരിഷ്കരിക്കുന്നതിന് നിരവധി സംഭാവനകൾ നൽകാൻ കഴിയുന്ന ഇടപെടൽ ആയി പഠനോദ്യാനം വികസിച്ചിട്ടുണ്ട്. ഈ അനുഭവത്തെ കൂടുതൽ മെച്ചപ്പെട്ട തലത്തിലേക്ക് വളർത്തിയെടുക്കുന്നതിനുള്ള അന്വേഷണങ്ങളും ഇടപെടലുകളും ആണ് ഇനി നടക്കേണ്ടത്.

**– ഡോ. കെ. രാജേഷ്**
സാമൂഹ്യശാസ്ത്ര വിഭാഗം മേധാവി

# മണ്ണിൽ വിരിയുന്ന ചിത്രങ്ങൾ



**മൺപാത്ര നിർമാണ തൊഴിലാളികൾക്ക് 15 ദിവസത്തെ പരിശീലനം നൽകി**

കാസർഗോഡ് നെക്രാൻജെയിൽ നിന്ന് കളിമൺ/ ഡെക്കോപാഷ് പരിശീലനത്തിന് ഐ.ആർ.ടി.സി. യിൽ വന്ന 27 പേർക്ക് പരിശീലന നാളുകൾ വ്യത്യസ്തമായ അനുഭവമായി. പുതിയ കാര്യങ്ങൾ പഠിക്കാനും പങ്കു വെയ്ക്കാനും പ്രായമോ പ്രതിസന്ധികളോ അവർക്ക് തടസ്സമായില്ല. യന്ത്രസഹായത്തോടെ ഉള്ള കളിമൺപാത്ര നിർമ്മാണം, കളിമൺ ഉപയോഗിച്ചുള്ള ആഭരണ നിർമ്മാണം, അലങ്കാര വസ്തുക്കളുടെ നിർമ്മാണം, ഡെക്കോപാഷ് (ചിത്രങ്ങൾ ഒട്ടിച്ചു കൊണ്ട്) ഡിസൈൻ രീതികൾ എന്നിവ നിർമിക്കാനുള്ള പരിശീലനമാണ് അവർ നേടിയത്. ജനുവരി 6 ന് ആരംഭിച്ച പരിശീലനം 20നാണ് സമാപിച്ചത്.

"രണ്ടു വാർഡുകളിൽ നിന്നായി ഏകദേശം 200 ഓളം കുടുംബങ്ങളാണ് കളിമൺ പാത്ര നിർമാണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യുന്നത്. സ്വന്തമായി ഒരു കെട്ടിടവും സൊസൈറ്റിയും നാട്ടിൽ ഉണ്ട്. ഇവിടെ പഠിച്ച കാര്യങ്ങൾ എല്ലാം ഒരു കൂട്ടായ്മയായി അവിടെ ചെയ്യാൻ ആണ് ഉദ്ദേശിക്കുന്നത്", നെക്രാൻജെ സ്വദേശിയും പരിശീലനാർത്ഥിയുമായ പി. സുജിത് കുമാർ പറഞ്ഞു. നാലു മക്കളുടെ അമ്മയായ രമണി ബദിയടുക്ക ഏറെ സന്തോഷത്തോടെയാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്. കൂടുതൽ ഉത്പന്നങ്ങൾ നിർമിക്കുവാനും അതിലൂടെ വരുമാനം വർധിപ്പിക്കാനും പരിശീലനത്തിലൂടെ സാധിക്കും എന്ന് രമണി സാക്ഷ്യപ്പെടുത്തുന്നു.

"ചോറും കറിയും വെയ്ക്കുന്ന പാത്രങ്ങൾ ഉണ്ടാക്കാൻ മാത്രമേ അറിയുമായിരുന്നുള്ളു. ഇപ്പൊ കുറെ കാര്യങ്ങൾ കൂടെ പഠിച്ചു 58കാരനായ സുധാകരൻ സാക്ഷ്യപ്പെടുത്തി. മൺപാത്ര നിർമ്മാണ രംഗത്തെ ജോലി തന്നെ ഉപേക്ഷിച്ച സുധാകരൻ ഈ ജോലിയിലേക്ക് തിരികെ വന്നതും വർഷങ്ങൾക്ക് മുൻപ് ഐ.ആർ.ടി.സി. ഒരുക്കിയ പരിശീലനത്തിലൂടെ തന്നെ ആയിരുന്നു.



ഐ. ആർ. ടി. സി. മുൻ ഡയറക്ടറും ശാസ്ത്രജ്ഞയുമായ ഡോ. എം. ലളിതാംബികയുടെ നേതൃത്വത്തിൽ ആണ് പരിശീലനം നടക്കുന്നത്. സർക്കാർ സഹായത്തോടെ നടത്തുന്ന പരിപാടിയിൽ കെ. ഗീത, സുബേഷ് ബാബു കെ.കെ., ഗോപൻ, യശോദ എൻ., രമ ആർ. എന്നിവർ ക്ലാസ്സുകൾ നയിക്കുന്നു.

മൺപാത്ര നിർമ്മാണ തൊഴിലാളികൾ സാമ്പത്തികമായും സാമൂഹ്യമായും അനുഭവിച്ച പിന്നാക്കാവസ്ഥയെ അതിജീവിക്കാൻ യന്ത്രസഹായത്തോടെയും സാങ്കേതികവിദ്യാ നവീകരണത്തിലൂടെയും ഐ.ആർ.ടി.സി. നടപ്പിലാക്കിയ പദ്ധതികളുടെ തുടർച്ചയാണ് പരിശീലന പരിപാടികൾ.









പരിശീലനത്തിൽ നിന്നും

# കുറഞ്ഞ ചിലവിൽ ഇനി കൂടുതൽ മത്സ്യം

# ബയോഫ്ലോക് മത്സ്യകൃഷിരീതി ഉദ്ഘാടനം ചെയ്തു

നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഐ.ആർ.ടി.സി.യിൽ നടത്തിവരുന്ന മത്സ്യകൃഷി ജനശ്രദ്ധയാകർഷിക്കുന്നു. ബയോഫ്ലോക് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള അതിസാന്ദ്ര മത്സ്യകൃഷിയുടെ ഉദ്ഘാടനം ഫെബ്രുവരി 10 ന് ഐ.ആർ.ടി.സി. ഡയറക്ടർ ഡോ.എസ്. ശ്രീകുമാർ നിർവഹിച്ചു.



ബയോഫ്ലോക്ക് മത്സ്യകൃഷിരീതി ഐ.ആർ.ടി.സി. ഡയറക്ടർ ഡോ.എസ്.ശ്രീകുമാർ ഉദ്ഘാടനം ചെയ്യു

സ്ഥലം, ജലലഭ്യത, തീറ്റയ്ക്കാവശ്യമായ ചിലവ് എന്നിവയാണ് കേരളത്തിൽ മത്സ്യകർഷകർ നേരിടുന്ന പ്രധാന വെല്ലുവിളികൾ. എന്നാൽ ബയോഫ്ലോക് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഈ ചിലവുകൾ ഗണ്യമായി കുറയ്ക്കാനും, കുറഞ്ഞ സ്ഥലത്ത് കൂടിയ സാന്ദ്രതയിൽ മത്സ്യങ്ങളെ വളർത്താനും കഴിയും.

മത്സ്യങ്ങളുടെ വിസർജ്യത്തെ ബാക്ടീരിയകളുടെ സഹായത്തോടെ സൂക്ഷ്മസസ്യങ്ങളുമായി ചേർന്ന് ഫ്ലോക്കുകളാക്കി മാറ്റുന്നു. ഇവ മത്സ്യങ്ങൾക്കുള്ള ഭക്ഷണമായി മാറും. ഇതുവഴി കൃത്രിമമായി മത്സ്യങ്ങൾക്ക് നൽകുന്ന തീറ്റ കുറയ്ക്കാൻ സാധിക്കുന്നു. ബയോഫ്ലോക്ക് സാങ്കേതികവിദ്യ ഉപയോഗിച്ച് വളർത്തുന്ന മീനുകൾക്ക് രോഗപ്രതിരോധശേഷിയും കൂടുതലാണ്.

രാജ്യത്ത് തന്നെ ഇത്തരം പരീക്ഷണങ്ങൾ പ്രചാരം നേടിവരുന്നതേയുള്ളൂ. ഗിഫ്റ്റ് (Genetically Improved Farming Tilapia) മത്സ്യങ്ങളാണ് നിലവിൽ ഈ രീതിയിൽ ഐ.ആർ.ടി.സി.യിൽ കൃഷി ചെയ്യുന്നത്.

രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ, പ്രൊഫ.ബി.എം. മുസ്തഫ, സ്വാതി എം., വിപിൻ ടി., പ്രമീള ജി., എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു.

## ഭോപ്പാൽ IIFM വിദ്യാർത്ഥികൾക്ക് ശില്പശാല സംഘടിപ്പിച്ചു

ഭോപ്പാലിലെ Indian Institute of Forest Management ൽ നിന്നും വന്ന ഫോറസ്റ്റ് മാനേജ്മെന്റ് വിദ്യാർത്ഥികൾ ഐ.ആർ.ടി.സി. ശില്പശാലയിൽ പങ്കെടുത്തു. 36 പേരാണ് സംഘത്തിലുണ്ടായിരുന്നത്. കേരളത്തിലുണ്ടായ പ്രളയങ്ങളുടെ പശ്ചാത്തലത്തിൽ Disaster management-മായി ബന്ധപ്പെട്ട ക്ലാസുകളും അവതരണങ്ങളുമാണ് ശില്പശാലയിൽ നടന്നത്. ഐ.ആർ.ടി.സി. ഡയറക്ടറും ഭൗമശാസ്ത്രജ്ഞനുമായ ഡോ.എസ്. ശ്രീകുമാർ, എനർജി വിഭാഗം മേധാവി പ്രൊഫ.ബി.എം. മുസ്തഫ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. പത്തു ദിവസത്തെ പഠനക്യാമ്പിനായി തൃശൂരിലെ കേരള വനഗവേഷണ കേന്ദ്രത്തിൽ എത്തിയതായിരുന്നു വിദ്യാർത്ഥികൾ. വനഗവേഷണ കേന്ദ്രത്തിലെ  സീനിയർ സയന്റിസ്റ്റ് രവീന്ദ്രൻ വി.പി.യുടെ നേതൃത്വത്തിലാണ് വിദ്യാർത്ഥികൾ ഐ.ആർ.ടി.സി.യിൽ എത്തിയത്.

## നയരൂപീകരണത്തിൽ നവീന മാറ്റങ്ങൾക്ക് നേതൃത്വം നൽകി ഐ.ആർ.ടി.സി.

2020-2021 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് മുന്നോടിയായി ഐ.ആർ.ടി.സി.യുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കുള്ള ഏകദിന ശില്പശാല നടത്തി.

തണ്ണീർത്തട സംരക്ഷണം, ജലസംരക്ഷണം, വികേന്ദ്രീകൃത മാലിന്യസംസ്കരണം, ഊർജ്ജസംരക്ഷണം എന്നീ രംഗത്ത് നടത്തിയ വിജയകരമായ ഇടപെടലുകളുടെയും മാതൃകകളുടെയും തുടർച്ചയായാണ് ഇത്തരത്തിലുള്ള ഒരു ശില്പശാല സംഘടിപ്പിച്ചത്.

ഐ.ആർ.ടി.സി. ഡയറക്ടർ ഡോ.എസ്. ശ്രീകുമാർ ശില്പശാല ഉദ്ഘാടനം ചെയ്തു. ദുരന്ത ലഘൂകരണങ്ങൾക്ക് പഞ്ചായത്തു തലത്തിൽ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഡോ.എസ്. ശ്രീകുമാർ സംസാരിച്ചു. "നിലവിൽ റവന്യൂ വകുപ്പിനു കീഴിൽ വില്ലേജ് ഓഫീസുകൾക്കാണ് ഇത്തരം പ്രവർത്തനങ്ങൾക്കുള്ള ചുമതല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജനകീയ ബന്ധവും അനുബന്ധ സംവിധാനങ്ങളും ശരിയായ രീതിയിൽ വിനിയോഗിച്ചാൽ ദുരന്തസാഹചര്യത്തെ ഫലപ്രദമായി നേരിടാൻ കഴിയും.

രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ സ്വാഗതമാശംസിച്ചു. പ്രൊഫ. പി.കെ. രവീന്ദ്രൻ, പ്രൊഫ.ബി.എം. മുസ്തഫ, ഹരിതസഹായ സ്ഥാപനം സംസ്ഥാന കോർഡിനേറ്റർ ടി.പി. ശ്രീശങ്കർ, റീജണൽ കോർഡിനേറ്റർ ജയ് സോമനാഥ്, പരിഷത്ത് പ്രൊഡക്ഷൻ സെക്രട്ടറി പി.വി. ജോസഫ്, ഐ.ആർ.ടി.സി.-പി.ഐ.യു. സെക്രട്ടറി എ.കെ. മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു.

# വിദ്യാർത്ഥികൾക്ക് അറിവിന്റെ ഉദ്യാനമൊരുക്കി 'പഠനോദ്യാനം' പ്രത്യേക വിദ്യാഭ്യാസ പദ്ധതി

**അനഘ ഇ.**
**അഖിൽ ബെന്നി**

- ഇടുക്കി ജില്ലയിലെ ചിന്നപ്പാറക്കുടി, മന്നാങ്കണ്ടം, പൂമാല, അരീക്കുഴ എന്നീ പ്രദേശങ്ങളിലെ വിദ്യാർത്ഥികളാണ് പഠനോദ്യാനം പ്രവർത്തനങ്ങളിലെ പങ്കാളികൾ.
- ഇതിനോടകം നൂറോളം വിദ്യാർത്ഥികൾ ക്ലാസ്സുകളിൽ പങ്കെടുത്തു.
- വിദഗ്ദ്ധർ നയിക്കുന്ന വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങൾ

**ഇടുക്കി** ജില്ലയിലെ ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ശാസ്ത്ര-ഗണിത വിഷയങ്ങളിലെ അഭിരുചി വളർത്താനായി നടത്തുന്ന പ്രത്യേക വിദ്യാഭ്യാസ പദ്ധതിയാണ് പഠനോദ്യാനം.

ഐക്യരാഷ്ട്ര സംഘടനയുടെ ഭാഗമായ UNICEF ഉം ഐ.ആർ.ടി.സിയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വൈവിധ്യമാർന്ന പ്രായോഗിക പഠന പ്രവർത്തനങ്ങളിലൂടെയാണ് പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികൾക്ക് കൈമാറുന്നത്. പഠനോദ്യാനത്തിന്റെ ഭാഗമായി ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമായി മൂന്ന് കേന്ദ്രങ്ങളും മറ്റ് വിദ്യാർത്ഥികൾക്കായി ഒരു കേന്ദ്രവും ഇടുക്കിയിൽ പ്രവർത്തിക്കുന്നു.



സൂര്യഗ്രഹണത്തിനോടനുബന്ധിച്ച് നടന്ന പഠനോദ്യാനം പ്രവർത്തനങ്ങളുടെ ഭാഗമായി നിരീക്ഷണത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന വിദ്യാർത്ഥിനി

വിദ്യാഭ്യാസ രംഗത്ത് രാജ്യത്ത് തന്നെ ഒന്നാം സ്ഥാനത്താണ് കേരളമെങ്കിലും, ആദിവാസി-ഗോത്ര വിഭാഗത്തിൽ ഉൾപ്പെടെ പലതരത്തിലും അവഗണനകൾ നേരിട്ടുകൊണ്ടിരിക്കുന്ന വിഭാഗങ്ങൾ ഈ നേട്ടത്തിന്റെ ഗുണഭോക്താക്കളല്ല. ഈ സാഹചര്യത്തിലാണ് പഠനോദ്യാനത്തിലൂടെയുള്ള ഇടപെടൽ ക്രിയാത്മകവും ശ്രദ്ധേയവും ആകുന്നത്.

ശാസ്ത്രത്തിന്റെ വിവിധ പാഠങ്ങൾ ലഘുവായും പ്രായോഗിക പരീക്ഷണങ്ങളിലൂടെയും പരിചയപ്പെടുത്തുമ്പോൾ വിദ്യാർത്ഥികൾക്ക് അത് കൂടുതൽ സ്വായത്തമായിത്തീരുന്നു. തനത് കൃഷിരീതിയും ജീവിതരീതിയുമെല്ലാം ക്ലാസ്സ് മുറികളിൽ ഇത്തരത്തിൽ പരീക്ഷണങ്ങളായി അവതരിപ്പിക്കപ്പെട്ടപ്പോൾ വിദ്യാർത്ഥികൾക്ക് അത് പുതിയൊരു അനുഭവമായി.

30 ഓളം വരുന്ന അദ്ധ്യാപകരുടെയും മറ്റ് വിദഗ്ദ്ധരുടെയും കൂട്ടായ പ്രവർത്തനത്തിലൂടെയാണ് ഉള്ളടക്കവും മറ്റും ചിട്ടപ്പെടുത്തിയിരിക്കുന്നത്. പരീക്ഷണങ്ങളും ഗണിതവും ചെയ്യിച്ച് കാണിച്ചും ചോദ്യങ്ങൾ ചോദിപ്പിച്ചും അന്വേഷിപ്പിച്ചും അവർതന്നെ അവരുടെ ഉത്തരത്തിലേക്ക് സ്വയം എത്തിച്ചേർന്നു.

ഭാഷ പലപ്പോഴും ഒരു വെല്ലുവിളിയായി മാറുമ്പോൾ ഊരുകളിൽ നിന്നുള്ളവർ തന്നെ പ്രാദേശിക ഭാഷയിൽ പഠനോദ്യാന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി എന്നുള്ളതാണ് മറ്റൊരു പ്രത്യേകത. വിദ്യാർത്ഥികളിലെ എഴുത്തും വായനയും പ്രോത്സാഹിപ്പിക്കാനും പ്രത്യേക പരിപാടികളുണ്ട്.

വിജ്ഞാനോത്സവം, സൂര്യോത്സവം എന്നിങ്ങനെ സയൻസും ഗണിതവുമായി ബന്ധപ്പെട്ടുവരുന്ന ദിവസങ്ങൾ വ്യത്യസ്തമായ ക്ലാസ്സുകളും പരീക്ഷണങ്ങളും അടങ്ങിയ പ്രത്യേക പഠന ദിനമായി ആചരിച്ചു.

പഠനത്തിനോടൊപ്പം കലാകായിക രംഗങ്ങളിലും കുട്ടികളിലെ കഴിവ് വളർത്തിയെടുക്കാൻ പഠനോദ്യാനത്തിലൂടെ സാധിച്ചു. ജനമൈത്രി എക്സൈസ് നടത്തിയ ഫുഡ്ബോൾ ക്യാമ്പിൽ പഠനോദ്യാനത്തിലെ 13 കുട്ടികൾ തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ, രണ്ട് കുട്ടികൾ സംസ്ഥാന ഫുട്ബോൾ ടീമിലേക്കും തിരഞ്ഞെടുക്കപ്പെട്ടു.

ഇതോടൊപ്പം കുട്ടികളിലെ വ്യക്തിത്വ വികസനത്തിനും ആത്മവിശ്വാസം വർദ്ധിപ്പിക്കാനും പഠനോദ്യാനത്തിന്റെ ഇടപെടലുകളിലൂടെ സാധിച്ചു. ക്ലാസ്സുകളിൽ പൊതുവെ ഉൾവലിഞ്ഞ പ്രകൃതം കാണിക്കുന്ന കുട്ടികൾ മുമ്പോട്ട് വരുന്നതായി അദ്ധ്യാപകർ സാക്ഷ്യപ്പെടുത്തി. ജനപ്രതിനിധികളും അദ്ധ്യാപക സമൂഹവും ഉദ്യോഗസ്ഥരും നാട്ടുകാരും പഠനപ്രവർത്തനങ്ങളോടൊപ്പമുണ്ട്.

വിദഗ്ദ്ധ അദ്ധ്യാപകർ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവരുടെ സന്ദർശനങ്ങൾ കുട്ടികൾക്ക് പുത്തൻ അറിവും അനുഭവങ്ങളും സമ്മാനിച്ചു. പഠനോദ്യാനത്തിന്റെ ആദ്യഘട്ടം ഫെബ്രുവരിയിൽ അവസാനിക്കും. രണ്ടാം ഘട്ടം സംസ്ഥാന വ്യാപകമായി നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിലാണ് ഐ.ആർ.ടി.സി.

## എഞ്ചിനിയറിങ്ങ് വിദ്യാർത്ഥികൾക്ക് പരിശീലനപരിപാടി

തിരുവനന്തപുരത്തെ ബാർട്ടൺഹിൽസ് ഗവൺമെന്റ് എഞ്ചിനിയറിംഗ് കോളേജിലെ ട്രാൻസ്ലേഷണൽ എഞ്ചിനിയറിംഗ് വിദ്യാർത്ഥികൾക്കായി ഐ.ആർ.ടി.സി. എനർജി ഡിവിഷന്റെ നേതൃത്വത്തിൽ ശില്പശാല നടത്തി. ജനുവരി 13 മുതൽ 22 വരെ പത്ത് ദിവസമായിരുന്നു ശില്പശാല.

സാങ്കേതികവിദ്യയെ സാമൂഹ്യപുരോഗതിയ്ക്കായി ഉപയോഗിക്കാനും ഐ.ആർ.ടി.സി. അത്തരത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ പരിചയപ്പെടാനും വേണ്ടിയാണ് യുവ എഞ്ചിനിയർമാർ പരിശീന പരിപാടിയിൽ പങ്കെടുത്തത്.

ഐ.ആർ.ടി.സി.യിലെ വിവിധ ഡിവിഷനുകളിൽ നടക്കുന്ന ശാസ്ത്ര-സാങ്കേതിക പ്രവർത്തനങ്ങൾ പ്രായോഗികമായി മനസ്സിലാക്കുകയും അവയുടെ വിപുലീകരണ സാധ്യതകൾ നിർദേശിക്കുകയും ചെയ്യുക എന്നതായിരുന്നു സംഘത്തിന്റെ പ്രധാന പ്രവർത്തനം.

എനർജി ഡിവിഷൻ മേധാവി പ്രൊഫ. ബി.എം. മുസ്തഫയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നടന്ന പഠനപ്രവർത്തനങ്ങൾക്ക് ഐ.ആർ.ടി.സി. എഞ്ചിനിയർ ശ്രീരാജ് പി. നേതൃത്വം നൽകി. 18 പേരായിരുന്നു സംഘത്തിലുണ്ടായിരുന്നത്.

## ഐ.ആർ.ടി.സി. എക്സിക്യൂട്ടീവ് യോഗം

ഐ.ആർ.ടി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2019 ഡിസംബർ 12 ന് സെമിനാർ ഹാളിൽ വച്ച് ചേർന്നു. സമീപകാലത്തെ പ്രവർത്തനങ്ങൾ വിലയിരുത്താനും ഭാവി പദ്ധതികൾ ആസൂത്രണം ചെയ്യാനും വേണ്ടിയാണ് യോഗം ചേർന്നത്.

## പുതുവത്സരാഘോഷം

2019 ഡിസംബർ 30 ന് ഐ.ആർ.ടി.സി. നടത്തിയ ക്രിസ്തുമസ്- പുതുവത്സര ആഘോഷ പരിപാടികളിൽ ഐ.ആർ.ടി.സി., പി.പി.സി., പി.ഐ.യു. ജീവനക്കാരും കുടുംബാംഗങ്ങളും പങ്കെടുത്തു. മുതിർന്ന പരിഷത്ത് പ്രവർത്തകൻ കെ. മനോഹരൻ സാംസ്കാരിക പ്രഭാഷണം നടത്തി പരിപാടി ഉദ്ഘാടനം ചെയ്തു. പ്രവർത്തകരുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

### അട്ടപ്പാടി ടി.ഡി.എഫ്.-വാടി പദ്ധതി

# മാതൃകയാണ് ഈ മുന്നേറ്റം

കാലം ആവശ്യപ്പെടുന്ന മാറ്റങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കിക്കൊണ്ട് ഒരു സമൂഹം മുന്നിലേക്ക് വരുന്ന കാഴ്ചയാണ് അട്ടപ്പാടിയിൽ നമുക്ക് കാണാൻ കഴിയുന്നത്. ഐ.ആർ.ടി.സി.യുടെ സഹായത്തോടെ അട്ടപ്പാടിയിൽ നടപ്പിലാക്കുന്ന നബാർഡിന്റെ പദ്ധതിയാണ് ടി.ഡി.എഫ്. വാടി. പുതൂർ പഞ്ചായത്തിലെ എട്ട് ആദിവാസി ഊരുകളിലായി നടപ്പിലാക്കിയ പദ്ധതിയിൽ നീർത്തട വികസനം, കൃഷി വ്യാപിപ്പിക്കൽ, സുസ്ഥിരവും ആദായകരവും ആയ തൊഴിൽ ലഭ്യമാക്കൽ തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിന്റെ തുടർച്ചയായി ആരണ്യ ട്രൈബൽ ഫാർമേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ ജൈവ കാർഷിക ഉത്പന്നങ്ങൾ കയറ്റി അയക്കുന്ന സുമിന്ദർ (Suminter) എന്ന കമ്പനിയുമായി ചേർന്ന് നെല്ലിക്ക സംസ്കരിച്ച് നൽകുന്ന പദ്ധതി ആരംഭിച്ചു.

ഇതേ സ്ഥാപനവുമായി ചേർന്ന് ട്രൈബൽ ഡവലപ്പ്മെന്റ് ഫണ്ടിൽ ഉൾപെട്ട കർഷകർക്ക് അശ്വഗന്ധ എന്ന ആയുർവേദ സസ്യത്തിന്റെ കാർഷിക സാധ്യതകൾ മനസ്സിലാക്കാൻ പരിശീലനം നൽകുകയും അതിന്റെ ഭാഗമായി ചീരക്കടവ് ഊരിൽ ഒരു ഡെമോ പ്ലോട്ട് നിർമിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളും മികച്ച രീതിയിൽ മുന്നോട്ട് പോകുന്നു. ചെടികൾക്ക് നല്ല വളർച്ചയും പ്രതീക്ഷിച്ച ഗുണമേന്മയും ഉണ്ട്. പൂർണ്ണമായും ജൈവരീതിയിലാണ് കൃഷി ചെയ്യുന്നത്. വെള്ളം വളരെ കുറവ് മതി. സസ്യത്തിന്റെ വേരാണ് മരുന്നായി ഉപയോഗിക്കുന്നത്.

### ജി.ഐ.എസ്. - റിമോട്ട് സെൻസിങ്

## പരിശീലന പരമ്പര

ഐ.ആർ.ടി.സിയിലെ പ്രകൃതിവിഭവ പരിപാലന വിഭാഗത്തിന്റെ കീഴിലുള്ള ജി.ഐ.എസ്.-വിദൂരസംവേദന സാങ്കേതികവിദ്യാ കേന്ദ്രത്തിന്റെ (GIS & Remote Sensing centre) നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമുള്ള പരിശീലന പരമ്പര വിജയകരമായി മുന്നേറുന്നു.

ഉന്നതവിദ്യാഭ്യാസ രംഗത്തും തൊഴിൽമേഖലയിലും GIS & Remote Sensing സാങ്കേതികവിദ്യക്ക് ഇന്ന് ഏറെ പ്രാധാന്യമാണ് ഉള്ളത്. ഒക്ടോബർ-ഡിസംബർ മാസങ്ങളിലായി ആറ് ബാച്ചുകൾക്ക് പരിശീലനം നൽകി. ജനുവരി 6 മുതൽ 8 വരെ നടന്ന ആറാം ബാച്ചിൽ 18 പേർ പങ്കെടുത്തു. കേരളത്തിനകത്തും പുറത്തുനിന്നുമുള്ള വിദ്യാർത്ഥികളും ഗവേഷകരും പ്രൊഫഷണലുകളും ആണ് പരിശീലനത്തിൽ പങ്കെടുത്തത്.

മൂന്ന് ദിവസത്തെ പരിശീലനത്തിൽ Fundamentals & applications of GIS & Remote Sensing, satellite image processing, land use-land cover classification, preparation of resource map, Google earth pro, GPS technology by field study എന്നീ വിഷയങ്ങളിലാണ് പ്രായോഗിക പരിശീലനം നൽകിവരുന്നത്.

GIS & Remote Sensing centre ലെ പ്രൊജക്ട് സയന്റിസ്റ്റമാരായ ആനന്ദ് സെബാസ്റ്റ്യൻ, രാജൻ.എം., പ്രൊജക്ട് അസിസ്റ്റന്റമാരായ വിവേക് അശോകൻ, രാഗേന്ദു എൻ.ആർ. എന്നിവരുടെ നേതൃത്വത്തിലാണ് പരിശീലന പരിപാടി നടന്നുവരുന്നത്.



ലൂക്ക ക്വിസ് - 2.0

# ഓൺലൈൻ സയൻസ് ക്വിസ്സ് അവസാനഘട്ടത്തിലേക്ക്

മലയാളത്തിലെ ഏക ശാസ്ത്രപോർട്ടലായ ലൂക്കയും യൂണിസെഫും ഐ.ആർ.ടി.സി.യും സംയുക്തമായി സംഘടിപ്പിക്കുന്ന ലൂക്ക ക്വിസ്സ് 2.0 ഓൺലൈൻ സയൻസ് ക്വിസ്സ് അവസാനഘട്ടത്തിലേക്ക്. നിത്യജീവിതവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശാസ്ത്രത്തിന്റെ രീതി ഉപയോഗിക്കാൻ സ്കൂൾ കുട്ടികളെ പ്രേരിപ്പിക്കുക, അതുവഴി കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഭൗതികശാസ്ത്രം, ജീവശാസ്ത്രം, പരിസരപഠനം, ഗണിതം, വിവര സാങ്കേതികവിദ്യ എന്നീ മേഖലകളിൽ നിന്നായി വിദഗ്ധർ തയ്യാറാക്കിയ 1300-ഓളം ചോദ്യങ്ങളാണ് ക്വിസ്സിനായി ഒരുക്കിയിരിക്കുന്നത്.

ക്വിസ്സിന്റെ ഒന്നാം ഘട്ടത്തിൽ പൊതുജനങ്ങളും പങ്കെടുത്തു. ഒന്നാം ഘട്ടം കടന്നവർക്ക് രണ്ടാം ഘട്ടത്തിൽ 20 വിഷയങ്ങളിൽ നിന്ന് ഇഷ്ടമുള്ളത് തിരഞ്ഞെടുത്ത് ക്വിസ്സിൽ പങ്കെടുക്കാം. എത്ര മേഖലകളിൽ വേണമെങ്കിലും വിദ്യാർഥികൾക്ക് ഈ ഘട്ടത്തിൽ പങ്കെടുക്കാം. ഓരോ വിഷയത്തിലും വിജയിക്കുന്നവർക്ക് പ്രത്യേകം ബാഡ്ജുകൾ നൽകുന്നു. ഇതിൽ നിന്ന് തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന തല ശില്പശാലകൾ നടത്തുന്നു.

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മുഴുവൻ ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്ന വിധത്തിലാണ് ലൂക്ക ക്വിസ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതിനോടകം ആയിരക്കണക്കിന് വിദ്യാർത്ഥികൾ മത്സരത്തിൽ പങ്കെടുത്തു കഴിഞ്ഞു. ഒരു ലക്ഷത്തോളം കുട്ടികളെ ഇത്തവണ ക്വിസ്സിൽ പങ്കെടുപ്പിക്കാനാകുമെന്നാണ് കരുതുന്നത്. വിദ്യാർത്ഥികൾക്ക് https://luca.co.in/quiz2020/ എന്ന ലിങ്കിലൂടെ ക്വിസ്സിൽ പങ്കെടുക്കാം.

ആവർത്തനപ്പട്ടികയുടെ 150-ാമത് വാർഷികത്തിന്റെ ഭാഗമായി കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ലൂക്ക സയൻസ് പോർട്ടൽ നടത്തിയ ആദ്യ ലൂക്ക ഓൺലൈൻ സയൻസ് ക്വിസ്സിൽ അൻപതിയനായിരത്തോളം പേരാണ് രണ്ട് ഘട്ടങ്ങളിലായി പങ്കെടുത്തത്. ഇതിന്റെ വർധിച്ച ജനകീയത യൂണിസെഫുമായി സഹകരിച്ച് ‘ലൂക്ക ക്വിസ്സ് 2.0’ നടത്താനുള്ള ഊർജ്ജമായി. ക്വിസ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം 2020 ജനവരി 1-ന് തിരുവനന്തപുരത്ത് പട്ടം ഗവണ്മെന്റ് മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ SCERT ഡയറക്ടർ ഡോ. ജെ. പ്രസാദ് നിർവ്വഹിച്ചു. എല്ലാ ജില്ലകളിലും തിരഞ്ഞെടുത്ത സ്കൂളുകളിൽ ജില്ലാ തല ഉദ്ഘാടനവും നടന്നു.



കേരള സയൻസ് കോൺഗ്രസ്സ് വേദിയിൽ ലൂക്ക ക്വിസ്സ് 2.0 -ൽ പങ്കെടുത്ത് മത്സരിക്കുന്ന വിദ്യാർത്ഥിനികൾ കോർഡിനേറ്റർ എം.എസ്.വൈശാഖിനൊപ്പം

# മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു

**കടമ്പഴിപ്പുറം:** ഐ.ആർ.ടി.സി. നടപ്പാക്കുന്ന ബയോടെക് കിസാൻ പദ്ധതിയുടെ ഭാഗമായി പുല്ലുണ്ടശേരി നീർത്തടത്തിൽ അനുവദിച്ച 10 മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകളുടെ ഉദ്ഘാടനം കടമ്പഴിപ്പുറം പഞ്ചായത്ത് പ്രസിഡന്റ് കെ. അംബുജാക്ഷി ഉദ്ഘാടനം ചെയ്തു. നീർത്തട കമ്മറ്റി പ്രസിഡണ്ട് എം. രാജൻ അധ്യക്ഷത വഹിച്ചു.

കാർഷിക മാലിന്യങ്ങളും അവശിഷ്ടങ്ങളും ശാസ്ത്രീയമായി പരിപാലിക്കാനും സംസ്കരിക്കാനും ആണ് പദ്ധതി ലക്ഷ്യമിടുന്നത്. മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന്റെ പ്രവർത്തന രീതികളെ കുറിച്ച് പ്രൊഫ. ബി. എം. മുസ്തഫയും, ബയോടെക് കിസാൻ, കെ. എഫ്.ഡബ്ല്യു. സോയിൽ പദ്ധതിയെക്കുറിച്ച് നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് ഡിവിഷൻ മേധാവി ആർ. സതീഷ് ക്ലാസ്സെടുത്തു. വാർഡ് മെമ്പർ ഒ. രാമകൃഷ്ണൻ, നീർത്തട കമ്മറ്റി സെക്രട്ടറി എ. സുബ്രഹ്മണ്യൻ, നീർത്തട കമ്മിറ്റി കോർഡിനേറ്റർ എ. രാധ എന്നിവർ സംസാരിച്ചു. ബയോടെക് കിസാൻ കോർഡിനേറ്റർമാരായ പ്രജീഷ് സി, ദർശിനി എം.പി, മുഹമ്മദ് ഇസ്മായിൽ പി. കെ, ദിലീപ് കുമാർ കെ, ഭാസ്കരൻ എൻ, ദീപു വി. എന്നിവരും പങ്കെടുത്തു.



കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. അംബുജാക്ഷി മണ്ണിരക്കമ്പോസ്റ്റ് ഉദ്ഘാടനം ചെയ്യുന്നു